# അമേരിക്കൻ കഥകൾ

## മിനികഥകൾ

## പ ന്ത്രണ്ട്

ജോയിക്കുട്ടി,

അന്നച്ചി, അമേരിക്കയിൽ വന്ന് ഏകദേശം ആറുവഷം കഴിഞ്ഞപ്പോഴേക്കും ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും, ഇന്ത്യയിൽ നിന്നും പ്രത്യേകിച്ച് കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ധാരാളം ആൾക്കാർ അമേരിക്കയിലേക്ക് വന്നു കൊണ്ടിരുന്നു. അമേരിക്കയുടെ നാനാ ഭാഗങ്ങളിലേക്കാണ് വന്നത്. ഭൂരിഭാഗവും നേഴ്സസ് ആയിരുന്നു. അമേരിക്കയുടെ നാനാ ഭാഗങ്ങളിലുള്ള ആശുപത്രികളിൽ നേഴ്സിന്റെ വലിയ കുറവുണ്ടായി. ആദ്യമാദ്യം വന്നവരെ അതുപോലെ അങ്ങിനെ ആ തസ്തികകളിൽ പ്രവേശിക്കപ്പെടുകയായിരുന്നു. പിന്നീട് ആ നിലപാട് മാറി. വരുന്നവക്ക് പരീക്ഷകൾ വെച്ചു. അതും കഴിഞ്ഞപ്പോൾ ഇംഗ്ലീഷ് പരീക്ഷ വേറെ വെച്ചു. ഈ കടമ്പകൾ എല്ലാം കഴിയുന്നവക്ക് മാത്രമേ ആർ. ഇൻ. എന്ന റിയപ്പെടുന്ന റജിസ്ട്രേഡ് നേഴ്സ് ആയി ജോലി ചെയ്യാൻ സാധിക്കുമായിരുന്നുള്ളു. അല്ലാത്തവരെ എൽ.പി.എൻ എന്നറിയപ്പെടുന്ന ലൈസൻസ് പ്രാക്ടിക്കൽ നേഴ്സ്, അതുമല്ലങ്കിൽ സി. എൻ. ഏ എന്നറിയപ്പെടുന്ന സർട്ടിഫൈഡ് നേഴ്സ് എന്നിങ്ങനെ പല വിഭാഗങ്ങളിലായി ജോലി ചെയ്യാനിടയായി. ഇന്ത്യയിൽ നിന്ന് സുന്ദരികളായി, മിടുക്കികളായി സ്റ്റാഫ് നേഴ്സായി വന്ന പലരും അമേരിക്കയിൽ വന്ന് വെറും സി. എൻ. ഏ കളായി, മാനസീകമായും ശാരീരികമായും പീഡകളനുഭവിച്ച് കഴിയേണ്ട ഗതികേട് വന്നിട്ടുണ്ട്.

അന്നച്ചി, അമേരിക്കയിൽ വന്ന് സൂക്ഷം അഞ്ചു വഷം തികഞ്ഞപ്പോൾ തന്നെ പൗരത്വം നേടാനുള്ള കടമ്പകളെല്ലാം കടന്ന് ഇപ്പോൾ അമേരിക്കൻ സിറ്റിസൺ ആയി പെൻഷൻ പറ്റി സുഖമായി ജീവിക്കുകയാണ്. അവർ പറയുന്നത്: ഇപ്പോൾ അമേരിക്കയിലുള്ള ഏതവനോടും മുഖത്തു നോക്കി പറയാം, ഞാൻ ഒരു സീനിയർ സിറ്റിസൺ അണ്; പോടാ പുല്ലേ. എന്തെല്ലാം കുരുത്തക്കേടുകൾ ഉണ്ടെങ്കിലും അവർ ഒരു നല്ല സ്ത്രീ ആണ്. വളരെയധികം ആൾക്കാരെ സഹായിച്ചിട്ടുണ്ട്.

ഇങ്ങിനെ അമേരിക്കയിൽ ആ സ്ഥലത്തേക്കു വന്നവരെ എല്ലാം തോമാസ് ചാക്കിട്ടു പിടിച്ച് ധാരാളം പണം ഉണ്ടാക്കി. റിയൽ എസ്റ്റേറ്റ് പണി ആയി ആദ്യം തുടങ്ങിയപ്പോൾ വല്ല്യ ഗുണമൊന്നുമില്ലായിരുന്നെങ്കിലും പിന്നീട് പുരോഗതി ഉണ്ടായി.

മേല്പറഞ്ഞ കാലഘട്ടത്തിൽ ആൾക്കാർ വരാൻ തുടങ്ങിയപ്പോൾ അവർ എയർ പോർട്ടിൽ വരുമ്പോൾ തന്നെ അവരുടെ എല്ലാം പെട്ടിയുംതാങ്ങി വണ്ടിയേൽ കയറ്റികൊണ്ടു വിടാനും അവക്കെല്ലാം എപ്പാർട്ടുമെന്റു വേണ്ട സമയത്ത് അത് തരപ്പെടുത്തി കൊടുക്കാനും എന്നു വേണ്ട സകല വിധ സഹായങ്ങൾക്കും അയാൾ തയ്യാറായിരുന്നു. ചില വല്ല്യ മിടുക്കികൾ അവനെ വലയിൽ വീഴ്ത്തി ചക്കാത്തിൽ കാര്യങ്ങൾ സാധിക്കാനായി എന്തിനുംതയ്യാറായി നിന്നെങ്കിലും അയാൾ ആ വലയിൽ ഒന്നുംവീണില്ല. ബിസിനസ്ഈസ് ബിസിനസ് അതായിരുന്നു അയാളുടെ രീതി. മറ്റെല്ലാ കാര്യങ്ങൾക്കും വീട്ടിൽ സുന്ദരി ആയ ഭാര്യ ഉണ്ട്. അവൾ ആർ. എൻ ആയി ഓവർ ടൈം ജോലി ചെയ്യുന്നുണ്ട്. മിടുക്കനായ തോമാസ് കുറച്ച് എപ്പാർട്ടുമെന്റുകൾ വാങ്ങിയിട്ടുണ്ട്. അവിടെല്ലാം ഈ വരുന്നവരെ താമസിപ്പിച്ച് പണം ഉണ്ടാക്കുന്നുണ്ട്. കൂടാതെ അയാളുടെ മനസ്സിൽ നാളെ എന്നൊരു കണക്കുണ്ട്. നാളെ ഒരു ദിവസം അവക്കെല്ലാം വീട് വിറ്റ് പണമുണ്ടാക്കാമെന്നുള്ള പ്രതീക്ഷ ഉണ്ട് ആ പ്രതീക്ഷകളും കണക്കു കൂട്ടലുകളും ഒന്നും തെറ്റിയില്ല. ആ പ്രദേശത്ത് വന്ന എല്ലാ മലയാളികളും അവിടെ വന്ന് രണ്ടല്ല, മൂന്നു വഷങ്ങൾ കഴിഞ്ഞപ്പോഴേക്കും അവിടെ വീട് വാങ്ങി. അവരെല്ലാം അമേരിക്കൻ റിയൽ എസ്റ്റേറ്റ് ഏജന്റുമാരോടടുത്തു നോക്കി. തമ്മിൽ വളരെ ഭേദം തോമാസ് ആണെന്നവക്ക് പരിപൂണ്ണ ബോദ്ധ്യമായി. മലയാളികൾ ആരാ മക്കൾ! ഇങ്ങിനെയൊക്കെ ഉള്ള കാര്യങ്ങൾ വരുമ്പോൾ അവർ പല വിധത്തിൽ നോക്കും. കൂടാതെ, ഇത്രയും പണം ഉണ്ടെങ്കിലും അതിന്റെ യാതൊരു പ്രൗഡിയും അഹങ്കാരവും കാണിക്കാതെ എല്ലാവരോടും വളരെ താഴാഴ്മയോടാണയാൾ പെരുമാറിയത്.

റിയൽ എസ്റ്റേറ്റ് ബിസിനസ് വളരെ ക്ഷമയുള്ളവക്ക് മാത്രമേ വിജയിക്കാൻ സാധിക്കത്തുള്ളു. നല്ല താഴാഴ്മയും കൂടെപിറപ്പായി വേണം. നല്ല സഹകരണവും ഉണ്ടായിരിക്കണം. തോമസ് അവക്കെല്ലാം വേണ്ടപ്പെട്ട ആളാണ്. എന്തു സഹായം ആക്ക് എപ്പോൾ എവിടെ വേണമെങ്കിലും ചെയ്തു കൊടുക്കും. പരദൂഷണവും കൊതിയും നുണയും അസൂയയും ഒട്ടുമില്ല. അപ്പോൾ പിന്നെ അയാൾ ആ രംഗത്ത് വിജയച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ. ആരെങ്കിലും അയാളുടെ മുഖത്തു നോക്കി ചീത്ത വിളിച്ചാലും അയാൾ ചിരിച്ചുകൊണ്ടു നിൽക്കും. അവരുടെ ദേഷ്യം മാറിയല്ലോ.

അയാൾ വാടക പിരിക്കാൻ, വിവാഹം കഴിക്കാത്ത ചില പെണ്ണുങ്ങളുടെ അടുക്കൽ ചെല്ലുമ്പോൾ, അവരിൽ ചിലർ അവരുടെ ശരീരത്തിന്റെ പല മാംസള ഭാഗങ്ങളും കാണിച്ച് അയാളുടെ അടുത്ത് കുണുങ്ങി ചെല്ലും. അതൊന്നും കണ്ടെന്ന് ഭാവിക്കാതെ കയ്യിലെ കാശ് വായിലെ ദോശ കണക്കേ അയാൾ പണം വാങ്ങി വീട്ടിൽ പോകും. ഒത്തെങ്കിൽ ഒരു മാസത്തെ വാടക, നഷ്ടപ്പെടാൻ ഒന്നുമില്ല എന്ന ഭാവത്തിലായിരുന്നു അവർ. പലതും കഴിഞ്ഞ് ഇവിടം വെരെ വന്ന അവക്ക്, മൂവോളം മുങ്ങിയാൽ മൂന്നാളോ, നാലാളോ എന്നായിരുന്നു.

ദാനിയേലും ദീനാമ്മയും പുത്തനായി വന്നു താമസിക്കുന്ന അയാളുടെ എപ്പാർട്ടുമെന്റിലെ ഒരു കുടുംബമാണ്. ദാനിയേൽ മഹാ മടിയനും സദാമദ്യപാനിയുമായിരുന്നു. എന്നാൽ അയാളുടെ ഭാര്യ, ദീനാമ്മ, വളരെ കഠിനാദ്ധ്വാനിയുമായിരുന്നു. അവൾ എല്ലാ ദിവസവും ഓവർ ടൈം ചെയ്ത് ധാരാളം പണമുണ്ടാക്കും. അയാൾ ഒരു പണിയും ചെയ്യത്തില്ല. മാസം മൂന്നു കഴിഞ്ഞു അവർ വാടക കൊടുത്തിട്ട്. ആദ്യം, ആറു മാസം വളരെ കൃത്യമായി വാടക കൊടുക്കുമായിരുന്നു. നമ്മുടെ തോമാസ് അല്ലേ, പറഞ്ഞു പറ്റിക്കാം എന്നു കരുതിയിരിക്കാം. പല ദിവസങ്ങൾ തോമാസ് വാടക ചോദിച്ച് ചെന്നെങ്കിലും നമ്മുടെ കേരളത്തിലെ വിളച്ചിൽ കാണിക്കുക ആയി. അവസാനം ഗത്യന്തരമില്ലാതായി. തോമാസ് ആ എപ്പാർട്ടമെന്റിൽ ചെന്നപ്പോൾ അവിടെ ആരുമില്ല. അവിടെ എല്ലാം ഭയങ്കര ദുർഗന്ധം അന്വേഷിച്ചപ്പോൾ ദാനിയേൽ ഓരോ ദിവസവും കഴിച്ചിരുന്ന പാത്രങ്ങൾ ഒന്നും കഴുകാതെ അയാൾ കിടക്കുന്ന കട്ടിലിന്റെ അടിയിൽ നിരത്തി കിടക്കുന്നു. തോമാസിന്റെ ക്ഷമയുടെ നെല്ലിപലക കണ്ടു.

രാത്രി ഒരു മണിക്ക് ദീനാമ്മ ജോലിയും കഴിഞ്ഞ് എപ്പാർട്ടമെന്റിൽ വന്നപ്പോൾ, അവരുടെ വീട്ടു സാധനങ്ങൾ എല്ലാം വലിച്ച് റോഡിൽ ഇട്ടിട്ട് കതകിന്റെ പൂട്ടും മാറിയിരിക്കുന്നു. അവൾ ഫോൺ ചെയ്തന്വേഷിച്ചപ്പോൾ വിവരങ്ങൾ അറിഞ്ഞു. അപ്പോഴാണ് അവൾ വിവരങ്ങൾ എല്ലാം അറിയുന്നത്. അവൾ കാലു പിടിച്ച് തോമാസിനോട് പറഞ്ഞിട്ടും, പിഴ കൊടുക്കാമെന്നു പറഞ്ഞിട്ടു പോലും തോമാസ് കേട്ടില്ല. അതിലും പ്രശ്നമായത്ദാനിയേലിനെകാണാനില്ലന്നായിരുന്നു. പിറ്റെ ദിവസം ജോലിക്കുപോകാതെ അയാളെ കണ്ടു പിടിച്ചു; പെരു വഴിയിൽ മദ്യപിച്ച് ബോധമില്ലാതെ കിടക്കുന്നതായിട്ട്. അവൾ എന്താണ് ചെയ്യുക!